30/11/2024

SATURDAY ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA


**Chief Editor:** Nizam S A **Editor:** Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 30/11/2024

1. കർഷക സേവനങ്ങൾ വേഗത്തിലാക്കാൻ കർഷക രജിസ്ട്രി. കൃഷിക്കുള്ള ഡിജിറ്റൽ പബ്ലിക് ഇൻഫ്രാസ്ട്രക്ചറിന്റെ (അഗ്രി സ്റ്റാക്ക്) ഘടകങ്ങളിലൊന്നാണ് കർഷക രജിസ്ട്രി. കർഷക രജിസ്ട്രി പ്രവർത്തന ക്ഷമമാകുന്നതിന്റെ ഫലമായി സർക്കാർ പദ്ധതികൾ വേഗത്തിലും, സുതാര്യമായും കർഷകർക്ക് ലഭ്യമാകുന്നു. കൂടാതെ പേപ്പർ രഹിതവും സുഗമവുമായുള്ള വിള വായ്പകൾ, തടസ്സങ്ങളില്ലാതെയുള്ള വിള സംഭരണം തുടങ്ങിയവ കർഷകർക്ക് ഗുണകരമായ രീതിയിൽ ലളിതവത്ക്കരിക്കുന്നതിനായുള്ള കർഷക കേന്ദ്രീകൃത ഡിജിറ്റൽ പരിഹാരങ്ങൾ വികസിപ്പിക്കാൻ കർഷക രജിസ്ട്രി സഹായിക്കും. കേരളത്തിലെ പി എം കിസാൻ ഗുണഭോക്താക്കൾ ഉൾപ്പെടെ 30 ലക്ഷം കർഷകരെ കർഷക രജിസ്ട്രിയുടെ ഭാഗമാക്കാനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. കേന്ദ്രസർക്കാരിന്റെ കർഷക രജിസ്ട്രി ആപ്ലിക്കേഷനിലൂടെ സമർപ്പിക്കുന്ന കർഷകരുടെ വിവരങ്ങൾ ഉപയോഗിച്ച് ദേശീയതലത്തിൽ ജനറേറ്റ് ചെയ്യുന്ന ഒരു കർഷക ഐഡി കർഷകർക്ക് ലഭ്യമാകുന്നു. ഇതുപയോഗിച്ച് കർഷകർക്ക് ഭാവിയിൽ കേന്ദ്ര സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികളിലെ ആനുകൂല്യങ്ങൾ മറ്റ് രേഖകളൊന്നും കൂടാതെ തന്നെ സുതാര്യമായും കാര്യക്ഷമമായും വേഗത്തിലും ലഭ്യമാകും. കർഷക രജിസ്ട്രിയുമായി ബന്ധപ്പെട്ട് കൃഷിഭവനിൽ നിന്നും അറിയിപ്പ് ലഭിച്ചാലുടൻ തന്നെ കേന്ദ്ര സർക്കാരിന്റെ കർഷക രജിസ്ട്രി ആപ്ലിക്കേഷനിൽ ലോഗിൻ ചെയ്തു ആധാർ ലിങ്ക് ചെയ്ത മൊബൈൽ ഫോണിൽ വരുന്ന OTP നല്കി ആധാർ കാർഡ്, തങ്ങളുടെ കൃഷി ഭൂമി സംബന്ധിച്ച വിവരങ്ങൾ, കരമടച്ച രസീത് എന്നിവയുമായി ഒത്തു നോക്കി ശരിയാണെന്നു ഉറപ്പുവരുത്തേണ്ടതാണ്. ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ 2024 ഡിസംബർ, 2025 ജനുവരി മാസങ്ങളിൽ പൂർത്തിയാക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കർഷകർക്ക് കർഷക രജിസ്ട്രിയിൽ

വിവരങ്ങൾ ചേർക്കുന്നതിന് സ്വന്തമായി സാധ്യമല്ലെങ്കിൽ അടുത്തുള്ള അക്ഷയ സെന്ററിന്റേയോ, കോമൺ സർവീസ് സെന്ററിന്റേയോ കൃഷിഭവന്റെയോ സഹായം തേടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 1800-425-1661 എന്ന ടോൾ ഫ്രീ നമ്പറിലോ, 0471 -2309122, 2303990, 2968122 എന്നീ ഹെല്പ് ഡെസ്ക് നമ്പരുകളിലോ വിളിക്കേണ്ടതാണ്. കതിർ ആപ്പ് ഡൗൺലോഡ് ചെയ്തും കർഷക രജിസ്ട്രി ചെയ്യാവുന്നതാണ്.

2. ഈ വർഷത്തെ 'കരപ്പുറം കാഴ്ച്ച' കാർഷിക പ്രദർശന-വിപണന, സാംസ്കാരിക, കലാമേള ഡിസംബർ 20 മുതൽ 29 വരെ ചേർത്തല സെന്റ് മൈക്കിൾസ് കോളേജ് മൈതാനത്ത് അരങ്ങേറും. നൂറിലധികം പ്രദർശന വിപണന സ്റ്റാളുകൾ, കാർഷിക സെമിനാറുകൾ, ബി 2 ബി മീറ്റുകൾ, ഇൻകുബേറ്റർ സെൻ്റർ, കാർഷിക വായ്പാ സഹായകേന്ദ്രങ്ങൾ, കാർഷിക പഠന ക്ലാസുകൾ, തദ്ദേശീയ കലാകാരന്മാരുട കലാസാംസ്കാരിക പരിപാടികൾ എന്നിവ കരപ്പുറം കാഴ്ചയോടനുബന്ധിച്ച് സംഘടിപ്പിക്കും.

3. കേരള കാർഷിക സർവകലാശാല, തവനൂർ ഇൻസ്ട്രക്ഷണൽ ഫാമിലെ തെങ്ങുകളിൽ നിന്നും വിളവെടുക്കുന്നതിനുള്ള അവകാശത്തിനായി ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ട്. അവസാന തീയതി 18.12.2024. കൂടുതൽ വിവരങ്ങൾക്ക് 0494-2686215 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക

**പരിശീലന പരിപാടി**

4. ക്ഷീരവികസന വകുപ്പിൻ്റെ കീഴിലുള്ള ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് 02.12.2024 മുതൽ 12.12.2024 വരെ 10 ദിവസങ്ങളിലായി 'ക്ഷീരോത്പന്ന നിർമ്മാണ പരിശീലന' പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. താൽപര്യമുള്ള ക്ഷീരകർഷകർക്കും സംരംഭകർക്കും ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രം മുഖേന നേരിട്ട് രജിസ്റ്റർ ചെയ്യാവുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കായി പരിശീലനം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരിമിതപ്പെടുത്തിയിരിക്കുന്നു. കഴിഞ്ഞ 3 വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് ഈ പരിശീലനത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. രജിസ്ട്രേഷൻ ഫീസ് 135/ രൂപ. പരിശീലനാർത്ഥികൾ ഇന്ന് (30.11.2024) വൈകുന്നേരം 5 മണിക്ക് മുമ്പായി 8089391209, 0476 - 2698550 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പെങ്കടുക്കുന്നവർ ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പ് പരിശീലനത്തിനെത്തുമ്പോൾ ഹാജരാക്കേണ്ടതാണ്.

5. കേരള കാർഷിക സർവ്വകലാശാല ഇ-പഠന കേന്ദ്രം "തേനീച്ച വളർത്തൽ" എന്ന വിഷയത്തിൽ സൗജന്യ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് 2024 ഡിസംബർ മാസം 2 ന് ആരംഭിക്കുന്നു. ഈ കോഴ്സിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ ഡിസംബർ 1 നകം രജിസ്റ്റർ ചെയ്യേണ്ടതാണ്. 20 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റും നൽകുന്നതാണ്. www.celkau.in എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് ഡിസംബർ 2 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.